(ബി) 2003 ആഗസ്റ്റ് മാസത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) 'ടെലി മെഡിസിൻ' സൗകര്യം നടപ്പിലാക്കുന്നതോടെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ രോഗികൾക്ക് കമ്പ്യൂട്ടർ നെറ്റ്വർക്കിന്റെ സാങ്കേതിക വിദ്യയിലൂടെ അടിയന്തര വിദഗ്ധ ചികിത്സക്കുള്ള ഉപദേശം ലഭിക്കുന്നതാണ്. രോഗികളെ റഫർ ചെയ്യാതെ ചികിത്സ നൽകാൻ ഈ സംവിധാനത്തിലൂടെ കഴിയും.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭരണത്തിന്റെ വേഗത കൂട്ടാൻ നടപടി

1 (742) ശ്രീ. എ. സുജനപാൽ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഭരണത്തിന്റെ വേഗത കൂട്ടുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(ബി) ഇതിനുവേണ്ടി നൂതന നടപടികൾ ആവിഷ്കരിക്കാൻ ഉദ്ദേശ്യമുണ്ടോ ;

(സി) റിപ്പോർട്ടാവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിന്നോ, വകുപ്പു മേധാവികളുടെ ഓഫീസിൽ നിന്നോ സബോർഡിനേറ്റ് ഓഫീസുകളിലേക്ക് അയയ്ക്കുന്ന കടലാസുകൾക്ക് ഇത്ര ദിവസത്തിനുള്ളിൽ അന്തിമ മറുപടി നൽകിയിരിക്കണമെന്ന് നിഷ്കർഷിക്കുവാൻ ഉദ്ദേശ്യമുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അത് എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭരണത്തിന്റെ വേഗത കൂട്ടുവാനായി സെക്രട്ടേറിയറ്റ് തലത്തിൽ വകുപ്പ് ജനറിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നൂതന പരിപാടികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി & ഡി) സർക്കാരിന്റെ സർക്കുലർ 9940/ഡി2/02/ഉഭപവ തീയതി 5-8-2002 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

### മലയോര തീരദേശ വികസന അതോറിറ്റികളുടെ രൂപീകരണം

2 (743) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര വികസന അതോറിറ്റി, തീരദേശ വികസന അതോറിറ്റി എന്നിവ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly